# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടർ (i/c) ന്റെ നടപടിക്രമം

(ഹാജർ :- ശ്രീ. എൻ.കെ. ജയ)

വിഷയം: കുടുംബശ്രീ - സൂക്ഷ്മ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം: 1. കെ.എസ്./ഡി./6390/2009 തീയതി 09/11/2009
2. 30.03.2017 ഈ ഓഫീസിലെ 2982/ഡി/2017/ കെഎസ്എച്ച്ഒ നമ്പർ നടപടിക്രമം.

***<u>Order No. 2982-D-2017-KSHO dated. 25-04-2017</u>***

കുടുംബശ്രീ സംവിധാനത്തിൽ സ്ഥാപിതമായിട്ടുള്ള വിവിധ സൂക്ഷ്മ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിന് പരാമർശം(1) പ്രകാരം പുറപ്പെടുവിച്ചിരുന്ന ഉത്തരവിൽ ഭേദഗതികൾ വരുത്തി പരാമർശം(2) പ്രകാരം പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചു ഉത്തരവായിരുന്നു. എന്നാൽ ജില്ലകളിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങൾക്കനുസൃതമായി മാർഗ്ഗനിർദ്ദേശത്തിൽ മാറ്റങ്ങൾ വരുത്തി ഭേദഗതി ചെയ്ത് അനുബന്ധ പ്രകാരം ഉത്തരവാകുന്നു. ഈ ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി പരാമർശം (2) പ്രകാരമുള്ള സർക്കുലറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ (i/c)**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സംസ്ഥാന മിഷനിലെ എല്ലാ സെക്ഷനുകൾക്കും
4. എല്ലാ സിഡിഎസ്സുകൾക്കും (ഡിഎംസി മുഖേന)
5. എല്ലാ എംഇസിമാർക്കും (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

കരുതൽ/അധികം

**ഉത്തരവിൻ പ്രകാരം**

**ഡയറക്ടർ (A&F)**

# സൂക്ഷ്മ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ

**ഉദ്ദേശ്യം:**

നിലവിലുള്ള വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക്/സംരംഭ കൂട്ടായ്മകൾക്ക് പ്രവർത്തനമാരംഭിച്ച് 6 മാസം പിന്നിടുമ്പോൾ അധിക പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനാണ് റിവോൾവിംഗ് ഫണ്ട്.

## A. സൂക്ഷ്മ സംരംഭങ്ങൾ

**യോഗ്യതാമാനദണ്ഡം:**

1. കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭ വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ, യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച വ്യക്തിഗത / ഗ്രൂപ്പ് സംരംഭങ്ങൾ

2. പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, ലിങ്കേജ് വായ്പ, കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും, റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കിയിട്ടില്ലാത്തതും, എല്ലാം കുടുംബശ്രീ അംഗങ്ങൾ ആയിട്ടുള്ളതുമായ സംരംഭങ്ങൾ.

മേൽപറഞ്ഞ സംരംഭങ്ങൾക്ക് താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

1. ഉല്പാദന-സേവന മേഖലയിലുള്ള വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് പ്രവർത്തനമാരംഭിച്ച് 6 മാസക്കാലമായത് (ബാങ്ക് ലോൺ അല്ലെങ്കിൽ ബന്ധപ്പെട്ട പദ്ധതി പ്രകാരമുള്ള സർക്കാർ ധനസഹായം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും 6 മാസക്കാലയളവ് കണക്കാക്കപ്പെടുന്നത്).
2. നിലവിലുള്ള സംരംഭമാണെങ്കിൽ റിവോൾവിംഗ് ഫണ്ട് നൽകുന്ന സമയത്ത് നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമേ റിവോൾവിംഗ് ഫണ്ട് നൽകുകയുള്ളു.
3. ഒരു സംരംഭത്തിന് (വ്യക്തിഗതം/ഗ്രൂപ്പ്) ഒറ്റതവണ മാത്രമേ റിവോൾവിംഗ് ഫണ്ടിന് അർഹതയുണ്ടായിരിക്കുകയുള്ളു.

**ധനസഹായം:**

മേൽപ്രതിപാദിച്ച സാഹചര്യത്തിൽ റിവോൾവിംഗ് ഫണ്ടിന് അർഹതയുള്ള സംരംഭം/സംരംഭ. കൂട്ടായ്മകൾക്ക് ആവശ്യമായി വരുന്ന പ്രവർത്തന മൂലധനത്തിന് മാത്രമാണ് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നത്.

**ഗ്രൂപ്പ് സംരംഭം:** നിലവിലുള്ള സംരംഭത്തിന്റെ യഥാർത്ഥ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള പ്രോജക്ട് തുകയുടെ 40% പരമാവധി ഒരു ഗ്രൂപ്പിന് 40000/- രൂപയാണ് (ഏതാണോ കുറവ്) റിവോൾവിംഗ് ഫണ്ടായി അനുവദിക്കേണ്ടത്.

**വ്യക്തിഗത സംരംഭം:** നിലവിലുള്ള സംരംഭത്തിന്റെ യഥാർത്ഥ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള പ്രോജക്ട് തുകയുടെ 20% പരമാവധി 10000/- രൂപ രൂപയാണ് (ഏതാണോ കുറവ്) റിവോൾവിംഗ് ഫണ്ടായി അനുവദിക്കേണ്ടത്.

**അപേക്ഷ സമർപ്പിക്കൽ, പരിശോധന, അംഗീകാരം നല്കൽ**

സംരംഭക(ർ) നിശ്ചിത ഫോർമറ്റിലുള്ള (അനുബന്ധം) അപേക്ഷ എംഇസി സാക്ഷ്യപ്പെടുത്തിയത് സി.ഡി.എസിൽ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1. പ്രോജക്ട് റിപ്പോർട്ട്
2. ബാങ്ക് ലോണിന്റെ തിരിച്ചടവ് വിവരങ്ങൾ (നിലവിലുള്ള സംരംഭമാണെങ്കിൽ)
3. ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് (മെമ്പർ സെക്രട്ടറിയോ സി.ഡി.എസ്. ചെയർപേഴ്സണോ സാക്ഷ്യപ്പെടുത്തിയത്)
4. റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിന് എംഇസിയുടെ ശുപാർശ
5. ജില്ലാ മിഷനിലെ എം.ഇ. കൺസൾട്ടന്റ് അല്ലെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് (പ്രവർത്തനത്തെ സംബന്ധിച്ച്).

സംരംഭക യൂണിറ്റ് സിഡിഎസിന്റെ ശുപാർശയോടു കൂടി ജില്ലാ മിഷനിൽ അപേക്ഷ സമർപ്പിക്കുകയും, ആയത് ജില്ലാ മിഷനിൽ നിന്നും എംഇ ചുമതലയുള്ള എഡിഎംസി/കൺസൾട്ടന്റ് യൂണിറ്റ് നേരിട്ട് സന്ദർശനം നടത്തി ജില്ല മിഷൻ കോ-ഓർഡിനേറ്ററർക്ക് രേഖാമൂലം ശുപാർശ നൽകേണ്ടതാണ്. ജില്ലാ തലത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ജില്ല മിഷൻ കോ-ഓർഡിനേറ്ററർ പരിശോധനയ്ക്ക് വിധേയമായി തുക അനുവദിക്കേണ്ടതാണ്.

**മോണിറ്ററിംഗ്**

റിവോൾവിംഗ് ഫണ്ടായി അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സംസ്ഥാന മിഷന് ജില്ലാ മിഷൻ സമർപ്പിക്കേണ്ടതുമാണ്. ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ പ്രാദേശിക സാമ്പത്തിക വികസനത്തിൽ സൂക്ഷ്മ സംരംഭങ്ങൾ എന്ന ശീർഷകത്തിലെ റിവോൾവിംഗ് ഫണ്ട് എന്ന ഉപശീർഷകത്തിൽ തുക വകയിരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച തുക അനുവദിച്ച ഉത്തരവ്, യൂണിറ്റ് സന്ദർശന റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ പ്രത്യേക ഫയൽ ആയി ജില്ലാ മിഷനിൽ സൂക്ഷിക്കേണ്ടതാണ്.

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**